LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## ഏഴാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

1986 നവംബർ 19-ാം തീയതി ബുധനാഴ്ച

വാല്യം LXVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 22

നിയമസഭ 1986 നവംബർ 19-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### (i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

വെറ്റില കൃഷിക്കാർക്ക് വായ്പ

* 409. [437] ശ്രീ. പി. സി. ജോർജ് :
,, ടി. എസ്. ജോൺ :
,, എം. പി. മാണി :
,, സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെറ്റില കൃഷിക്കാർക്ക് ജില്ലാ സഹകരണ ബാങ്കുകൾ ദീർഘ കാലാടിസ്ഥാനത്തിൽ വായ്പ നൽകുന്നുണ്ടോ ;

(ബി) വെറ്റില കൃഷിക്ക് യൂണിറ്റൊന്നിന് എത്ര രൂപ വീതമാണ് നൽകുന്നത് ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ,

(എ) ഉണ്ട്.

(ബി) 2400 (രണ്ടായിരത്തി നാനൂറ്) രൂപ വീതം.

ശ്രീ. പി. സി. ജോർജ് : ഈ കൃഷിക്കാർക്ക് വായ്പ കൊടുക്കുന്നുവെന്ന് മന്ത്രി പറഞ്ഞു, നമ്മുടെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമുള്ള കൃഷിക്കാർക്ക് വായ്പ നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ ഏതൊക്കെ ജില്ലകളിലാണ് കൊടുക്കുന്നത് ; ഏതെങ്കിലും ജില്ലകളിൽ ഇല്ലെങ്കിൽ മുഴുവൻ ജില്ലകളിലും ഈ സഹായമെത്തിക്കുവാനുള്ള നടപടി മന്ത്രി സ്വീകരിക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ഇപ്പോഴം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എന്നീ ജില്ലകളിലാണ് കൊടുക്കുന്നത്. മറ്റ് ജില്ലകളിൽ ഇത് വ്യാപിപ്പിക്കുന്ന കാര്യം ആലോചിക്കാം.

ശ്രീ. പി. സി. ജോർജ്ജ് : ഈ സഭയിലെ വലിയ മുറുക്കുകാരനായ നമ്മുടെ മന്ത്രിയുടെ ജില്ലയായ തിരുവനന്തപുരം ജില്ലയ്ക്ക് കൊടുത്തു അതുപോലെതന്നെ കൊല്ലം ആലപ്പുഴ എന്നീ മൂന്നു ജില്ലകളിലേക്കു മാത്രമായി ഇത് ഒതുക്കി നിർത്തുവാനുള്ള കാരണമെന്താണ് ; നമ്മുടെ ഈ സഭയിലെ രണ്ട് വലിയമുറുക്കുകാരായ ശ്രി. പങ്കജാക്ഷനും, ശ്രീ. സുന്ദരൻ നാടാരുടെയും ജില്ലയായ തിരുവനന്തപുരം ജില്ലയ്ക്ക് പ്രാധാന്യം കൊടുത്തിരിക്കുന്നു. മറ്റു ജില്ലകളിലുള്ള കൃഷിക്കാർക്കും ഈ സഹായമെത്തിയ്ക്കുന്നതിനുള്ള നടപടി മന്ത്രി സ്വീകരിക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ഇത് 1981-82-ലാണ് ആരംഭിച്ചത്. പ്രത്യേകമായി യാതൊരു പ്രാദേശിക പരിഗണനയുമില്ല. ബാങ്കുകളാണ് ഈ സഹായം കൊടുത്തത്. അത് എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്ന കാര്യമാണ് ആലോചിക്കുന്നത്. എന്തായാലും ഇതിനെപ്പറ്റി ആലോചിക്കുന്നതാണ്.

ശ്രീ. പി. സി. ജോർജ്ജ് : വെറ്റിലക്കൃഷി എല്ലാ ജില്ലകളിലും നടക്കുന്നതാണ്. ഇത് വ്യാപിപ്പിക്കുവാൻ കഴിയുന്നതുമാണ്. ആ നിലയ്ക്ക് മുഴുവൻ ജില്ലകളിലുമുള്ള കൃഷിക്കാർക്ക് സഹായമെത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? ഇതാണ് ചോദ്യം.

ശ്രീ. എൻ. സുന്ദരൻ നാടാർ : തിരുവനന്തപുരം മുതൽ കണ്ണൂർവരെയുള്ള ജില്ലകളിൽ ഇത് കൃഷി ചെയ്യുന്നുണ്ട്. അത് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

ശ്രീ. ടി. എസ്. ജോൺ : വെറ്റിലക്കൃഷി സാധാരണയായി കണ്ടങ്ങളിലാണ് ചെയ്യാറുള്ളത്. പക്ഷേ വെള്ളപ്പൊക്കം വരുമ്പോഴം ആദ്യമായി നശിച്ചു പോകുന്ന കൃഷിയും വെറ്റിലക്കൃഷിയാണ്. വെള്ളപ്പൊക്കദുരിതാശ്വാസത്തിൽ കൃഷിക്കാരെ സഹായിക്കുന്ന ഗണത്തിൽ വെറ്റിലക്കൃഷിക്കാരെ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് വെറ്റിലക്കൃഷിക്കാരേയും ഉൾപ്പെടുത്തി കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന്റെ ആനുകൂല്യങ്ങം ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : വെള്ളപ്പൊക്ക കെടുതിമൂലം കൃഷി നശിച്ചവർക്ക് കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം കൊടുത്തിട്ടുണ്ട്. എന്നാൽ അത് വെറ്റിലക്കൃഷിക്കാർക്ക് കൊടുത്തിട്ടില്ല. അവർക്കും സഹായം കൊടുക്കുന്നതിനുള്ള നടപടി എടുത്തു കഴിഞ്ഞു.

ശ്രീ. ടി. എസ്. ജോൺ : വെറ്റിലക്കൃഷിക്ക് യൂണിറ്റൊന്നിന് 2400 രൂപ വീതം ആനുകൂല്യം കൊടുക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അതുപോലെ തന്നെ വെറ്റിലക്കൃഷിക്കാർക്ക് നമ്മുടെ കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങളുണ്ട്. ലോൺ നമ്മുടെ മറ്റ് കൃഷിക്കാർക്ക് കൊടുക്കുന്നതുപോലെ ഇവർക്കും കൊടുത്ത് നമ്മുടെ സംസ്ഥാനത്ത് ഒട്ടാകെയുള്ള കൃഷിക്കാരെ സഹായിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. സുന്ദരൻ നാടാർ : 7 വർഷത്തെ കാലാവധിക്കാണ് ഇപ്പോൾ വായ്പനൽകുന്നത്. സാമ്പത്തിക സ്ഥാപനങ്ങളാണ് ഇത് കൊടുക്കുന്നത്.

ശ്രീ. സി. എഫ്. തോമസ് : ഇങ്ങനെ എല്ലാ ജില്ലകളിലും വായ്പ ജില്ലാസഹകരണ ബാങ്കുകൾ വഴി നൽകാനുള്ള നടപടി സ്വീകരിക്കുമെന്നാണ് പറഞ്ഞത്. നമുക്കിപ്പോൾ വായ്പ കിട്ടാത്ത മറ്റിനം കൃഷികൾക്കുകൂടി ആ ചർച്ച നടക്കുമ്പോൾ, അതിനുള്ള നടപടി സ്വീകരിക്കുമ്പോൾ ജില്ലാ സഹകരണ ബാങ്കുകൾ വഴി വായ്പ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ഇപ്പോൾ സാധാരണയായി പല കൃഷികൾക്കും ബാങ്ക് വായ്പ കൊടുക്കുന്നുണ്ട്. ഇത് ഇപ്പോൾ വെറ്റിലക്കൃഷിയുടെ കാര്യത്തെപ്പറ്റിയാണ് ചോദ്യം പ്രസക്തമായിട്ടുള്ളത്.

ശ്രീ. സി. എഫ്. തോമസ് : ദേശസാൽക്കൃതബാങ്കുകൾ കൂടി ഇങ്ങനെയുള്ള സ്കീംസ് ഏറ്റെടുത്ത് വായ്പ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? ദേശസാൽക്കൃത ബാങ്കുകൾ വഴി ഇത്തരം സ്കീമുകൾ നടത്തുന്നതിനുള്ള കാര്യത്തെക്കുറിച്ച് ആലോചിക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : സർ, ദേശസാൽക്കൃത ബാങ്കുകൾ വഴി വായ്പ കൊടുക്കുന്ന കാര്യം ആലോചിക്കുന്നുണ്ട്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : സർ, 1985-ൽ ഉണ്ടായ വെള്ളപ്പൊക്കത്തെത്തുടർന്ന് ആലപ്പുഴ ജില്ലയുടെ കിഴക്കൻ ഭാഗങ്ങളിൽ വെറ്റിലക്കൃഷി ചെയ്യുന്ന പ്രദേശങ്ങളിൽ എല്ലാ കൃഷിയും നശിച്ചുപോയി. ഒരൊറ്റ കൃഷിക്കാരനും പോലും ഇതുവരെയും 5 പൈസയുടെ ധനസഹായം നൽകിയിട്ടില്ലെന്നുള്ള കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ധനസഹായത്തിനു വേണ്ടിയുള്ള അപേക്ഷകൾ കൃഷിവകുപ്പ് ഡയറക്ടറുടെ ഓഫീസിൽ പരിശോധനക്കായി അയച്ചത് ഇപ്പോഴും അവിടെ കെട്ടിക്കിടക്കുകയാണെന്നുള്ളതിൻെറ അടിസ്ഥാനത്തിൽ അത് ഉടനെ പരിശോധിച്ച് എല്ലാം നഷ്ടപ്പെട്ടുപോയ കൃഷിക്കാർക്ക് സഹായധനമെത്തിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : അങ്ങനെയുള്ള പരാതി ഇതുവരേയും ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാലും അതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എസ്. ആർ. തങ്കരാജ് : വരൾച്ച വന്നാലും വെള്ളപ്പൊക്കം വന്നാലും കാറ്റ് വന്നാലും ഏറ്റവും കൂടുതൽ ബാധിക്കുന്നത് വെറ്റില കൃഷിയെ ആണ്. ചെറിയ ചെറിയ ലോണെടുത്ത് ചെറുകിട കർഷകർ വെറ്റിലക്കൃഷി നടത്തിയതിൽ വളരെയധികം നഷ്ടമുണ്ടായിട്ടുണ്ട്. അങ്ങനെ നഷ്ടം സംഭവിച്ചിട്ടുള്ള ആളുകൾക്ക് കൊടുത്ത വായ്പകൾ റൈറ്റ് ഓഫ് ചെയ്തുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : അതിനെക്കുറിച്ച് ഒന്നും ആലോചിച്ചിട്ടില്ല.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ : 13 ജില്ലകളിലേക്ക് ആനുകൂല്യങ്ങൾ ചെയ്യുന്നതിൽ പ്രത്യേകമായ യാതൊരു പരിഗണനയും ഉണ്ടായിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്നാൽ കേരളത്തിൽ ഏറ്റവുമധികം

LIBRARY ARCHIVES Kerala Legislative Assembly

കൃഷി ചെയ്യുന്ന തിരൂർ താലൂക്കിനെയും കൊയിലാണ്ടി താലൂക്കിനെയും ഇതിൽ നിന്നും ഒഴിവാക്കിയത് വിവേചനമല്ലാതെ മറെന്താണ് എന്ന് പറയാമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ഇത് വിവേചനമൊന്നും അല്ല. ഘട്ടംഘട്ടമായി എല്ലാ ജില്ലകളിലേക്കും ഇത് വ്യാപിപ്പിക്കുന്നതാണ്.

## ഫാം തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ നടപടി

* 410. [438] ശ്രീ. വി. കെ. രാജൻ :
,, എം. കെ. കേശവൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, പി. കുമാരൻ :

ഡോക്ടർ എ. സുബ്ബറാവു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കൃഷിവകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ വിവിധ തസ്തികകളിലായി എത്ര തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാനുണ്ട് ;

(ബി) ഇത്തരം തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനുവേണ്ടി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതനുസരിച്ച് തൊഴിലാളികളെ സ്ഥിരപ്പെടുത്തി ശമ്പള കുടിശ്ശികയും മറ്റും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (എൻ. സുന്ദരൻ നാടാർ) : സർ.

(എ) 2844 തൊഴിലാളികൾ.
(ബി) ഉണ്ട്.
(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എം. കെ. കേശവൻ : കൃഷി ഡിപ്പാർട്ടുമെന്റിലെ താല്ക്കാലിക ജീവനക്കാരായിട്ടുള്ള 2844 പേരെ സ്ഥിരപ്പെടുത്തുവാനുണ്ടെന്ന് മന്ത്രി പറഞ്ഞു. ഇവരെ എന്തുകൊണ്ടാണ് സ്ഥിരപ്പെടുത്താതിരിക്കുന്നത്; അങ്ങനെ സ്ഥിരപ്പെടുത്താതിരിക്കുന്ന ആളുകളെ എന്ന് സ്ഥിരപ്പെടുത്തുമെന്ന് പറയാൻ കഴിയുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : കൃഷിവകുപ്പിന്റെ കീഴിലുള്ള എല്ലാ ഫാമുകളിലുമായി മൊത്തം 4775 കാഷ്വൽ തൊഴിലാളികളുണ്ട്. ചില പ്രത്യേക നോംസ് അനുസരിച്ചാണ് കാഷ്വൽ തൊഴിലാളികളെ നിയമിക്കുന്നത്. ആ നോംസ് അനുസരിച്ച് നിയമിക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തു കഴിഞ്ഞു.

ശ്രീ. എം. കെ. കേശവൻ : ഇവിടെ കാഷ്വൽ തൊഴിലാളികളെ നിയമിക്കുന്നതിന് ചില പ്രത്യേക നോംസ് ഉണ്ടെന്ന് മന്ത്രിപറഞ്ഞു. എന്താണ് ഈ കാഷ്വൽ തൊഴിലാളികളെ നിയമിക്കുന്നതിനുള്ള നോംസ്; ഇവിടെ കൃഷി ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ താല്ക്കാലികമായി ജോലി ചെയ്യുന്ന മരുന്നു തളിക്കുന്നവരുൾപ്പെടെയുള്ള ജീവനക്കാർക്ക് ഇതുവരേയും ഫെസ്റ്റിവൽ അഡ്വാൻസ് കൊടുത്തിട്ടില്ല. ഇക്കാര്യങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളെപ്പറ്റി മറുപടി പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly